# കേരളസർവകലാശാല

നം.പി.ആർ.237/2020

## പത്രക്കുറിപ്പ്

### ‘കേരള’ വിദൂരവിദ്യാഭ്യാസം അപേക്ഷ സ്വീകരിക്കുന്ന അവസാന തീയതി നവംബർ 30

കേരളസർവകലാശാല വിദൂരവിദ്യാഭ്യാസ വിഭാഗത്തിൽ ബിരുദ, ബിരുദാനന്തരബിരുദ കോഴ്സുകളിലേക്ക് നവംബർ 30 വരെ ഓൺലൈനായി അപേക്ഷ സമർപ്പിക്കാം. www.sde.keralauniversity.ac.in എന്ന വെബ്സൈറ്റ് വഴി ഓൺലൈനായാണ് അപേക്ഷിക്കേണ്ടത്. യു.ജി./പി.ജി. പ്രോഗ്രാമുകളുടെ ഓൺലൈൻ അപേക്ഷയുടെ ശരിപകർപ്പ്, അനുബന്ധരേഖകൾ മുതലായവ കാര്യവട്ടത്തു പ്രവർത്തിക്കുന്ന വിദൂരവിദ്യാഭ്യാസ വിഭാഗം ഓഫീസിൽ നേരിട്ടോ തപാൽ (രജിസ്റ്റേഡ്/സ്പീഡ് പോസ്റ്റ്) മുഖേനയോ ലഭിക്കേണ്ട അവസാന തീയതി ഡിസംബർ 5. വിശദവിവരങ്ങൾക്ക് www.ideku.net എന്ന വെബ്സൈറ്റ് സന്ദർശിക്കുക.

### പുതുക്കിയ പരീക്ഷാകേന്ദ്രം

നവംബർ 30, ഡിസംബർ 2, 4 എന്നീ തീയതികളിൽ നടക്കാനിരിക്കുന്ന രണ്ടാം സെമസ്റ്റർ സി.ബി.സി.എസ്./സി.ആർ. ബി.എ./ബി.എസ്.സി./ബി.കോം പരീക്ഷകൾക്ക് എൻ.എസ്.എസ്. കോളേജ്, നിലമേൽ ഇലക്ഷൻ ഡിസ്ട്രിബ്യൂഷൻ സെന്റർ ആയതിനാൽ ഇവിടെ വച്ച് നടത്താനുള്ള പരീക്ഷകൾ എം.എം.എച്ച്.എസ്.എസ്. ബംഗ്ലാംകുന്ന്, നിലമേൽ വച്ച് അന്നേ ദിവസങ്ങളിൽ നടത്തുന്നതാണ്.

പബ്ലിക്ക് റിലേഷൻസ് ഓഫീസർ

തിരുവനന്തപുരം
29.11.2020

e-mail: ku.release@gmail.com website: www.keralauniversity.ac.in